പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ. 6409

08.11.2016-ൽ മറുപടിയ്ക്ക്.

## വാഹനങ്ങൾ പരിശോധിക്കാൻ പോലീസിൽ നിയമസാധുത്വമുള്ളവർ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എൻ. എ. നെല്ലിക്കുന്ന് | ശ്രീ. പിണറായി വിജയൻ (ബഹു. മുഖ്യമന്ത്രി) |
| (എ) വാഹനങ്ങൾ പരിശോധിക്കാൻ പോലീസിൽ നിയമപരമായി അധികാരമുള്ളവർ ആരൊക്കെയെന്നത് വ്യക്തമാക്കുമോ ; | (എ) മോട്ടോർ വാഹനനിയമ പ്രകാരം സബ് ഇൻസ്പെക്ടർ റാങ്കും അതിനു മുകളിലുമുള്ള ഉദ്യോഗസ്ഥർക്കാണ് വാഹനങ്ങൾ പരിശോധിക്കാൻ നിയമപരമായി അധികാരമുള്ളത്. |
| (ബി) അഡീഷണൽ സബ് ഇൻസ്പെക്ടർ, അസിസ്റ്റന്റ് സബ് ഇൻസ്പെക്ടർ, സബ് ഇൻസ്പെക്ടർ, ഇൻസ്പെക്ടർ, ഡെപ്യൂട്ടി സൂപ്രണ്ട് ഓഫ് പോലീസ്, സൂപ്രണ്ട് ഓഫ് പോലീസ് തുടങ്ങി ആർക്കൊക്കെ വാഹനപരിശോധന നടത്താമെന്ന് വ്യക്തമാക്കുമോ ; | (ബി) ഇപ്പറയുന്നവരിൽ അസിസ്റ്റന്റ് സബ് ഇൻസ്പെക്ടർ (എ.എസ്.ഐ) ഒഴികെ മറ്റെല്ലാ ഉദ്യോഗസ്ഥർക്കും വാഹനം പരിശോധിക്കാവുന്നതാണ്. |
| (സി) ഇരുചക്രവാഹനങ്ങളിൽ സഞ്ചരിക്കുന്ന ഷാഡോ പോലീസുകാർ വാഹനങ്ങൾ തടഞ്ഞു നിർത്തി പരിശോധിക്കാൻ അധികാരമുള്ളവരാണോ എന്ന് വ്യക്തമാക്കുമോ ; | (സി) അധികാരമുള്ളവരല്ല. |

| | | | |
|---|---|---|---|
| (ഡി) | വാഹന പരിശോധനയിൽ പോലീസ് പാലിക്കേണ്ട നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ ? | (ഡി) | വാഹന പരിശോധനയിൽ പോലീസ് ഉദ്യോഗസ്ഥർ പാലിക്കേണ്ട പ്രധാനപ്പെട്ട നടപടികൾ ചുവടെ ചേർത്തിരിക്കുന്നു.<br>1. തിരക്കേറിയ ജംഗ്ഷനുകളിലും കൊടും വളവുകളിലും, കയറ്റിറക്കങ്ങളിലും, ഇടുങ്ങിയ റോഡുകളിലും, പാലത്തിന്റെ മുകളിലും, വാഹന പരിശോധന പരമാവധി ഒഴിവാക്കേണ്ടതാണ്.<br>2. പതിവ് പരിശോധനയിൽ പരമാവധി വീഡിയോ കവറേജ് നടത്തേണ്ടതാണ്.<br>3. വാഹന പരിശോധന നടത്തുമ്പോൾ പരിശോധന നടത്തുന്ന ഉദ്യോഗസ്ഥൻ പരിശോധന വാഹനത്തിന്റെ അരികിലെത്തി വാഹന പരിശോധന പൂർത്തിയാക്കേണ്ടതാണ്.<br>4. വാഹനത്തിലുള്ള യാത്രക്കാരോട് മാന്യമായി പെരുമാറേണ്ടതാണ്.<br>5. പതിവ് പരിശോധനക്കിടയിൽ ഒരേ സമയം ഒന്നിൽ കൂടുതൽ വാഹനങ്ങളെ തടഞ്ഞു നിർത്തി വാഹന പരിശോധന നടത്താതിരിക്കാൻ പ്രത്യേകം ശ്രദ്ധ ചെലുത്തേണ്ടതാണ്. |

സെക്ഷൻ ഓഫീസർ